തദ്ദേശ സ്വയംഭരണ വകുപ്പ്
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
കളക്ടേറ്റ് പി. ഒ., കോട്ടയം - 686002
ഫോൺ: 0481-2560282
*e-mail: jdlsgdktm@gmail.com*
തീയതി:12-02-2025

**LSGD/JD/KTM/4951/2024-A4**

## <u>കുറ്റാരോപണ പത്രിക</u>

കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയിലെ ക്ലർക്ക് (നിലവിൽ സസ്പെൻഷനിൽ) ശ്രീ അഖിൽ സി വർഗീസിനെതിരായ കുറ്റാരോപണങ്ങൾ

1) കോട്ടയം നഗരസഭയിൽ 25.02.2020 മുതൽ 16.10.2023 തീയതി വരെ സർവ്വീസ് പെൻഷൻ വിഭാഗം ക്ലർക്കായിരുന്ന താങ്കൾ , താങ്കളുടെ അമ്മയായ ശ്രീമതി ശ്യാമള പി എന്നയാളുടെ പേരിൽ വ്യാജ പെൻഷൻ അക്കൌണ്ട് ഉണ്ടാക്കി ,കോട്ടയം മുനിസിപ്പാലിറ്റിക്ക് അക്കൌണ്ട് ഉള്ള കോട്ടയം ജില്ലാ ട്രഷറി,ബാങ്ക് ഓഫ് മഹാരാഷ്ട്ര കോട്ടയം ബ്രാഞ്ച്, എസ് ബി ഐ തിരുനക്കര ബ്രാഞ്ച് എന്നിവ വഴി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ,കൊല്ലം മെയിൻശാഖയിലെ അക്കൌണ്ടിലേക്ക് 2,40,21,652/-രൂപ (രണ്ട് കോടി നാൽപത് ലക്ഷത്തിഇരുപത്തി ഒന്നായിരത്തി അറുന്നൂറ്റി അൻപത്തിരണ്ടു രൂപ ) ട്രാൻസ്ഫർ ചെയ്ത് സാമ്പത്തിക ക്രമക്കേട് നടത്തി.

2) കോട്ടയം നഗരസഭയിൽ നിന്നും സ്ഥലം മാറി വൈക്കം നഗരസഭയിൽ ജോലി ചെയ്തുവന്ന സമയത്തും ,കോട്ടയം നഗരസഭയിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ താങ്കൾ ഇടപെട്ടിരുന്നതായും , ബാങ്കിൽ നൽകിയിരുന്ന പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ എക്സൽ ഷീറ്റ് താങ്കളുടെ akhilsmans@gmail.com എന്ന ഇമെയിൽ ഐഡിയിൽ നിന്നും ktmmunicipality@gmail.com എന്ന ഇമെയിൽ ഐഡിയിലേക്ക് മെയിൽ ചെയ്തിരുന്നതും ആയത് ബാങ്കിലേക്ക് ഫോർവാഡ് ചെയ്തു വന്നിരുന്നതുമാണ്.ഇപ്രകാരം കോട്ടയം നഗരസഭയിൽ നിന്നും സ്ഥലംമാറി പോയിട്ടും താങ്കൾ ധനാപഹരണം നടത്തി

3) മേൽ പരാമർശിച്ച സാമ്പത്തികക്രമക്കേടുമായി ബന്ധപ്പെട്ട് കോട്ടയം വെസ്റ്റ് പൊലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1282/2024 നമ്പർകേസിൽ ഒന്നാം പ്രതിയായി ഭാരതീയ ന്യായ സംഹിത 2023 , 316(5),318(4),336(3),340(2) വകുപ്പുകൾ ,1988 ലെ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട് 13(1)(a)r/w13(2) എന്നിവ പ്രകാരം താങ്കൾക്ക് എതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായി കോട്ടയം ജില്ലാ പൊലീസ് മേധാവി ഈ ഓഫീസിൽ അറിയിച്ചിട്ടുള്ളതാണ്. താങ്കൾ സർക്കാരിനും വകുപ്പിനും അവമതിപ്പ് ഉണ്ടാകും വിധത്തിൽ ക്രിമിനൽ കേസിൽ പ്രതി ആയിരിക്കുന്നുവെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

4) മേൽ പരാമർശിച്ച സാമ്പത്തിക ക്രമക്കേട് നടത്തിയ താങ്കൾ 06.08.2024 അപരാഹ്നം മുതൽ അവധി അപേക്ഷ സമർപ്പിക്കുകയോ ഓഫീസ് മേലധികാരിയിൽ നിന്ന് മുൻകൂർ അനുമതി വാങ്ങുകയോ ചെയ്യാതെ ജോലിക്ക് ഹാജരാകാതിരുന്നു.

5) മേൽ ഖണ്ഡികയിലെ കുറ്റാരോപണങ്ങളുടെ തീർപ്പാക്കലുമായി ബന്ധപ്പെട്ട് കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടികൾ സംബന്ധിച്ച മാന്വലിലെ ഖണ്ഡിക 45 പ്രകാരം താങ്കൾക്കെതിരെ താഴെ സൂചിപ്പിക്കുന്ന മുൻകാല ശിക്ഷണ നടപടി കൂടി പരിഗണനയിലെടുക്കുന്നതാണ്.

28.09.2011 മുതൽ കൊല്ലം കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ച താങ്കളെ രസീത് ബുക്കിൽ കൃത്രിമം കാട്ടി എന്ന കാരണത്താൽ 01.02.2013 ലെ ജി8-5137/2011 നമ്പർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിരുന്നതും , ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി പൂർത്തിയാക്കിയിരുന്നതുമാണ്

മേൽ പരാമർശിച്ച പ്രകാരമുള്ള ഗുരുതരമായ കൃത്യവിലോപത്തിനും അച്ചടക്കലംഘനത്തിനും ധനാപഹരണത്തിനും അനധികൃത ഹാജരില്ലായ്മക്കും ഉത്തരവാദിയാണെന്നു കണ്ട് താങ്കൾക്ക് ഈ കുറ്റപത്രം നൽകുന്നു.

Signed by
Binu John
Date: 12-02-2025 11:18:57

BINU JOHN
JOINT DIRECTOR
തദ്ദേശസ്വയംഭരണ വകുപ്പ്,
കോട്ടയം

<u>കുറ്റപത്രത്തിന് ആധാരമായ രേഖകൾ</u>

1) കോട്ടയം നഗരസഭ സെക്രട്ടറിയുടെ 17.08.2024 തീയതിയിലെ 1862663/04 നമ്പർ കത്ത്
2) ഇന്റേണൽസ് ഓഫീസർ1 ന്റെഎ 09.08.2024 തീയതിയിലെ റിപ്പോർട്ട്
3) കോട്ടയം ജില്ലാ പൊലീസ് മേധാവിയുടെ 27.11.2024 തീയതിയിലെ ഡി2-92447/2024 കെ നമ്പർ കത്ത്
4) തദ്ദേശ സ്വയംഭരമ വകുപ്പ് ഫിനാൻസ് മാനേജ്മെന്റ് & ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന റിപ്പോർട്ട്
5) വൈക്കം നഗരസഭ സെക്രട്ടറിയുടെ 09.08.2024 തീയതിയിലെ കത്ത്